**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 143** **22-07-2021 - ൽ മറുപടിയ്ക്ക്**

**ഇ-ഗവേണൻസ് സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഇ-ഗവേണൻസ് സംരംഭങ്ങൾ നടപ്പാക്കുന്നതിനുള്ള സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാത്തത് പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇ.ആർ.പി (എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ്) നടപ്പിലാക്കുന്നതിനെ ദോഷകരമായി ബാധിച്ചതായുള്ള എ.ജി. യുടെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും തിരുത്തൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (എ) | ഇ.ആർ.പി സംവിധാനം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് വ്യവസായ വകുപ്പിന് കീഴിലുള്ള കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനീയറിങ് കമ്പനി ലിമിറ്റഡ്, കെൽട്രോൺ, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ്, കേരള ഫോം മാറ്റിംഗ്സ്(ഇന്ത്യ) ലിമിറ്റഡ്, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളെ കുറിച്ച് സി&എ.ജിയുടെ ഡ്രാഫ്റ്റ് പാരയിൽ പരാമർശമുണ്ടായിരുന്നു. ഇക്കാര്യം സർക്കാർ തലത്തിൽ വിശദമായി പരിശോധിക്കുകയും ഇ.ആർ.പി സംവിധാനം നടപ്പാക്കുന്നതിലുണ്ടായ പാളിച്ചകൾ പരിഹരിക്കുവാൻ താഴെപ്പറയുന്ന നടപടി സ്വീകരിക്കുകയും ചെയ്തു 1) കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനീയറിങ് കമ്പനി ലിമിറ്റഡ് കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനീയറിങ് കമ്പനി ലിമിറ്റഡിൽ ഇ.ആർ.പി സംവിധാനം നടപ്പിലാക്കുന്ന കാര്യത്തിൽ ഒരു സീനിയർ മാനേജരെ നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. കെല്ലിലെ മറ്റ് ഉദ്യോഗസ്ഥരും പ്രസ്തുത പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി പ്രവർത്തിക്കുന്നുണ്ട്. കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനീയറിങ് കമ്പനി ലിമിറ്റഡിൽ ഇ.ആർ.പി. സംവിധാനം നടപ്പിലാക്കുന്ന പ്രവർത്തനം അന്തിമഘട്ടത്തിലാണ്. 2) ഫോംമാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് ഫോംമാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡിൽ ഇ.ആർ.പി സംവിധാനം നടപ്പിലാക്കുന്ന കാര്യത്തിൽ ഒരു ബാഹ്യ ഏജൻസിയെ ഏൽപ്പിച്ചിരുന്നുവെങ്കിലും ഈ സംവിധാനം യഥാവിധി നടപ്പാക്കാനാവാത്ത തിനാൽ ബന്ധപ്പെട്ടവർക്കെതിരെ നിയമ നടപടി സ്വീകരിച്ചിട്ടുണ്ട് 3) കേരള സ്റ്റേറ്റ് കാഷ്യൂ |

| | | | | |
|---|---|---|---|---|
| | | | | ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് സി&എ.ജിയുടെ ആഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇ.ആർ.പി സംവിധാനം നടപ്പാക്കുന്നതിനായി ഒരു നോഡൽ ഓഫീസറെ നിയമിക്കുകയും അതിന്റെ പ്രവർത്തനം നല്ല രീതിയിൽ തുടരുകയുമാണ്. 4) കെൽട്രോൺ ഹോർട്ടി കോർപ്പിൽ കെൽട്രോൺ നടപ്പിലാക്കിയ ഇ.ആർ.പി. സംവിധാനം സ്ഥാപനത്തിന് പ്രയോജനകരമാണെന്നും റ്റി.എസ്.പി എന്ന നിലയിൽ കെൽട്രോൺ അധികചാർജ്ജ് ഈടാക്കുന്നില്ലെന്നും എ.ജി.യെ അറിയിച്ചിട്ടുണ്ട് 5) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് (റ്റി.റ്റി.പി.എൽ) കമ്പനിയിൽ 2012-13 മുതൽ വിജയകരമായി പ്രവർത്തിച്ചുവരുന്ന ഇ.ആർ.പി. സംവിധാനത്തെ കുറ്റമറ്റ രീതിയിൽ മുന്നോട്ട് കൊണ്ട് പോകുന്നതിന് കെ.എസ്.ഐ.റ്റി.എം. ൽ നിന്നുള്ള ഒരു എക്സ്പെർട്ടിനെ ഉൾക്കൊള്ളിച്ച് ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. 6)ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് എജിയുടെ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ കമ്പനിയുടെ ഐറ്റി പോളിസി, സെക്യൂരിറ്റി പോളിസി, ബാക്ക് അപ് പോളിസി എന്നിവ ഉൾപ്പെടുത്തികൊണ്ടുള്ള സമഗ്ര ഐറ്റി പോളിസി ഡോക്യുമെന്റ് രൂപകല്പന അവസാന ഘട്ടത്തിലാണ്. 7.കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ് കമ്പനിയിൽ 2014 ൽ നടപ്പാക്കിയ ഇആർപി സംവീധാനത്തിന്റെ പോരായ്മകൾ പരിഹരിക്കുകയും ഭാവിയിൽ ആവർത്തിക്കാതിരിക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതു കൂടാതെ ചെലവേറിയ ഇ.ആർ.പി സംവിധാനം നടപ്പാക്കുന്നതിന്റെ പ്രയോജനം എത്രത്തോളമുണ്ടെന്നും വ്യവസായ വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ ഇ.ആർ.പി നടപ്പാക്കുന്നതിലെ പ്രായോഗികത സംബന്ധിച്ചും പഠനം നടത്തുവാൻ കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസ് ആന്റ് ഇന്നവേഷൻ ടെക്നോളജി (KUDSIT) എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഓരോ പൊതുമേഖലാ സ്ഥാപനങ്ങളിലും അത്യാവശ്യം വേണ്ട പ്രവർത്തനമേഖലകളെ സംയോജിപ്പിച്ചുകൊണ്ട് ചെലവ് കുറഞ്ഞ രീതിയിൽ ഇ.ആർ.പി. സംവിധാനം നടപ്പിലാക്കുന്നതിനുള്ള സാധ്യതകളും ഇതിന്റെ ഭാഗമായി പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ